**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **30-01-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തുംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി യഥാക്രമം 11.70 കോടിയും, 5.97 കോടിയും ഉൾപ്പെടെ ആകെ 17.67 കോടി രൂപയുടെ ധനാനുമതി 16/09/2019 തീയതിയിൽ കിഫ്ബി നൽകിയിരുന്നു. ധനാനുമതി ഉത്തരവ് പ്രകാരം വിഭാവനം ചെയ്തിരുന്നത് പോലെ പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ SPV പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി കിഫ്ബി SPV-ക്ക് അവലോകന റിപ്പോർട്ടുകൾ നൽകിയിരുന്നതുമാണ്. ആയതിന് SPV ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് കിഫ്ബി തയ്യാറാക്കിയിട്ടുള്ളതും, ഇതിൻ പ്രകാരം പുതുക്കിയ ധനാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ ജനറൽ ബോഡി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ